

# മുന്നേറാം കോമൺ ഇന്ററസ്റ്റ് ഗ്രൂപ്പിലൂടെ




എസ്. ഹരികിഷോർ ഐ എ എസ്
എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ


പശുവളർത്തലിലൂടെ ഉപജീവനം നടത്താൻ താത്പര്യമുള്ളവർക്ക് വേണ്ടിയുള്ള കുടുംബശ്രീ പദ്ധതിയായ ക്ഷീരസാഗരത്തെക്കുറിച്ച് ങമസശിഴ മി കാുമരേ 121 ൽ വിശദീകരിച്ചിരുന്നുവല്ലോ. ഈ പദ്ധതി വഴി കേരളത്തിൽ 6225 പേർക്ക് ധനസഹായം ലഭിക്കുകയും അവർ ഇതുവഴി ഉപജീവനമാർഗ്ഗം കണ്ടെത്തുകയും ചെയ്തുകഴിഞ്ഞു. നിരവധി പേർ പശുവളർത്തലിന് താത്പര്യത്തോടെ മുന്നോട്ടുവന്ന സാഹചര്യത്തിൽ ക്ഷീരസാഗരത്തിന്റെ പുതിയ യൂണിറ്റുകൾ ആരംഭിക്കുന്നതിന് പകരം നിലവിൽ പശുവളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്ക് കൂടുതൽ പശുക്കളെ വാങ്ങാനുള്ള അവസരമൊരുക്കി അവരുടെ ഉപജീവന മാർഗ്ഗം മെച്ചപ്പെടുത്താനായി ഒരു പദ്ധതി വിഭാവനം ചെയ്താൽ നല്ലതായിരിക്കുമെന്ന് ഫീൽഡിൽ പ്രവർത്തിക്കുന്ന ഞങ്ങളുടെ ടീം അഭിപ്രായപ്പെട്ടു. ഇതിന്റെ അടിസ്ഥാനത്തിൽ ഞങ്ങൾ 2017ൽ ആരംഭിച്ച പുതിയ പദ്ധതിയാണ് കോമൺ ഇന്ററസ്റ്റ് ഗ്രൂപ്പ് (സിഐജി).

സിഐജി എന്നാൽ, നിലവിൽ പശുവിനെ വളർത്തുന്നതും ഒരു വാർഡിൽ താമസിക്കുന്നതുമായ അഞ്ച് കർഷകരുണ്ടെങ്കിൽ അവരെ ഒരുമിപ്പിച്ച് ഒരു ഗ്രൂപ്പ് രൂപീകരിക്കുകയെന്നതാണ്. ഇങ്ങനെ ചുരുങ്ങിയത് 2 വീതം പശുക്കളുള്ള അഞ്ച് പേർ ചേർന്നുള്ള ഈ ഗ്രൂപ്പിന് 4 ശതമാനം പലിശയ്ക്ക് 1 ലക്ഷം രൂപ വരെ വായ്പ കുടുംബശ്രീ ലഭ്യമാക്കുകയും ചെയ്യുന്നു. ഈ വായ്പ 2 വർഷം കൊണ്ട് ഇവർ തിരിച്ചടയ്ക്കേണ്ടതുണ്ട്. ഇങ്ങനെ വായ്പ കൂട്ടായി ലഭിക്കുന്നതിനാൽ ഈ ഗ്രൂപ്പ് അംഗങ്ങൾക്ക് പശുവളർത്തൽ വിപുലീകരിക്കാനും ഉപജീവനമാർഗ്ഗം മെച്ചപ്പെടുത്താനും കഴിയുന്നു. കൂടാതെ വായ്പയുടെ ചുമതല ഒരു ഗ്രൂപ്പിനായതിനാൽ വായ്പ തിരിച്ചടവ് ഉറപ്പുവരുത്താനും കഴിയുന്നു. വലിയ സ്വീകാര്യതയാണ് ഈ പദ്ധതിക്ക് കുടുംബശ്രീ അംഗങ്ങളിൽ നിന്ന് ലഭിച്ചിട്ടുള്ളത്.



സിഐജി പദ്ധതി പ്രകാരം കേരളത്തിലെ 14 ജില്ലകളിലായി 290 ഗ്രൂപ്പുകളുണ്ട്. ആകെ 1450 പേർ അംഗങ്ങളാണ്. ഓരോ ഗ്രൂപ്പും 1 ലക്ഷം രൂപ വീതം വായ്പ എടുക്കുകയും ചെയ്തു കഴിഞ്ഞു, തിരിച്ചടവ് നടത്തുകയും ചെയ്യുന്നു. ഈ പദ്ധതി കൂടുതൽ ക്ഷീരകർഷകരിലേക്ക് എത്തിച്ച് അവരുടെ വരുമാനം വർദ്ധിപ്പിക്കാനുള്ള ശ്രമം അടുത്ത സാമ്പത്തിക വർഷം മുതൽ ആരംഭിക്കാനാണ് ഞങ്ങൾ ശ്രമിക്കുന്നത്.